(ബി) ഉണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സർക്കാർ യഥാസമയം സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യത്തിൽ ഉചിതമായ നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി കാർഷിക മൊത്ത വ്യാപാര വിപണികൾ തുടങ്ങിയവരിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് പച്ചക്കറി സംഭരിച്ച് വരുന്നുണ്ട്.

കർഷകർക്ക് സബ്സിഡി ലഭ്യമാക്കൽ

218 (1691) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്സിഡി ലഭിക്കുന്നതിനായി ഇതുവരെ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്ര കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കി ;

(ബി) ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ഇതുവരെ ലഭ്യമാക്കിയെന്നും ബാക്കി എന്നുവരെ കർഷകർക്ക് ലഭ്യമാക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 18.7 ലക്ഷം അപേക്ഷകൾ ലഭിച്ചതിൽ 17.58 ലക്ഷം അപേക്ഷകൾ ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2015-16-ലെ ബഡ്ജറ്റിൽ കൃഷി വകുപ്പിന് പദ്ധതിയിനത്തിൽ ലഭ്യമായ 955.55 കോടി രൂപയിൽ 357.10 കോടി രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ 40.42% തുക (ഒക്ടോബർ 2015 വരെ) കർഷകരുടെ അക്കൗണ്ടുകളിലേക്ക് ഇ-പേയ്മെന്റ് വഴി മാത്രം നിക്ഷേപിച്ചുകഴിഞ്ഞു. പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് ബാക്കി തുക കർഷകർക്ക് ലഭ്യമാകുന്നതാണ്.

കർഷകർക്ക് അധികരിച്ച നിരക്ക് ലഭ്യമാക്കൽ

219 (1692) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ വില 19 രൂപയിൽനിന്നും 21.50 ആയി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടും നാളിതുവരെയായി കർഷകർക്ക് അധികരിച്ച നിരക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly